6.	കുറ്റ്യാടി തളിസുബ്രഹ്മണ്യക്ഷേത്രം	..	5,000 രൂപ
7.	തിരുവള്ളൂർ ശിവക്ഷേത്രം	..	17,500 രൂപ
8.	പൊൻയേരി ശിവക്ഷേത്രം	..	17,500 രൂപ
9.	കളിയാംവെള്ളി ക്ഷേത്രം	..	10,500 രൂപ
10.	കരുവഞ്ചേരി കഴകം ക്ഷേത്രം	..	45,500 രൂപ
11.	കുന്നുമ്മൽ ഭഗവതി ക്ഷേത്രം	..	35,000 രൂപ

ദേവസ്വം ബോർഡിലെ താല്കാലിക നിയമനങ്ങളുടെ മാനദണ്ഡം

101 [2718] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ശബരിമലയിൽ താല്കാലികാടിസ്ഥാനത്തിലും ദിവസക്കൂലിയിനത്തിലും ദേവസ്വം ബോർഡിൽ നിന്നും എത്ര പേരെ ഏതൊക്കെ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്;

(ബി) ഇങ്ങനെ നിയമിച്ചവരിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു;

(സി) പ്രസ്തുത നിയമനങ്ങളുടെ മാനദണ്ഡം എന്തെന്നും ഇവരെ സ്ഥിരപ്പെടുത്തുവാൻ ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ഉത്തരം

(എ & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ശബരിമലയിൽ താൽക്കാലികാടിസ്ഥാനത്തിലും ദിവസക്കൂലിയിനത്തിലുമായി 1631 പേരെ അപ്പം നിർമ്മാണം, സെക്യൂരിറ്റി, ക്ലീനിംഗ് അസിസ്റ്റന്റ്, സ്വീപ്പർ, സ്കാവഞ്ചർ, ഇലക്ട്രിക്കൽ ഹെൽപ്പർ, ട്രില്ലർ ഡ്രൈവർ, കൺവയർ ഓപ്പറേറ്റർ, വാച്ചർ, ഗാർഡനർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. അതിൽ 33 പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(സി) ബഹു. ഹൈക്കോടതിയുടെ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ഇന്റർവ്യൂ നടത്തിയാണ് ബോർഡിൽ നിന്നും നിയമിച്ചിട്ടുള്ളത്. തീർത്ഥാടന കാലത്തേക്കു മാത്രമായി തികച്ചും താല്കാലികമായി എടുത്ത ഇവരെ സ്ഥിരപ്പെടുത്താൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly